ഉത്തരം

(എ) 5 പേർക്ക്.

(ബി&സി) ശ്രീമതി രജനി എം. പി.-ക്ക് പുനർനിയമനം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പ് സ.ഉ.(എംഎസ്.) നമ്പർ 82/14/സാ.നീ.വ. തീയതി 8-10-2014 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന നടപടികൾ ദേവസ്വം വകുപ്പിൽനിന്നും സ്വീകരിച്ചിട്ടുള്ളതും അതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, ധനകാര്യം തുടങ്ങിയ വകുപ്പുകളുടെ അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ ലഭിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ശ്രീമതി രജനി നൽകിയ പരാതി ദേവസ്വം വകുപ്പിൽ ലഭിച്ചിട്ടില്ല.

തിരുവാഭരണപ്പാത

136 (3570) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന് എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലം കയ്യേറ്റം നടന്നതെന്നും എത്ര ഭൂമി കയ്യേറിയെന്നും അറിയിക്കുമോ ;

(സി) കയ്യേറ്റം നടത്തിയ ഭൂമി പൂർണ്ണമായും തിരിച്ചുപിടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഇത്തരത്തിൽ ഒഴിപ്പിക്കാനുണ്ട് എന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) കയ്യേറ്റം ഒഴിപ്പിക്കാൻ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പന്തളം മുതൽ ശബരിമലവരെ തിരുവാഭരണം കൊണ്ടുപോകുന്നതിന് 83 കിലോമീറ്റർ ദൂരമാണുള്ളത്. പന്തളം മുതൽ ളാഹവരെയുള്ള 43 കി.മീ. സ്ഥലം ജനവാസകേന്ദ്രമാണ്. ളാഹ മുതൽ ശബരിമല വരെ ബാക്കിയുള്ള സ്ഥലം വന്യസംരക്ഷണ മേഖലയുമാണ്. ഇതിൽ ദേവസ്വം ബോർഡ് വക സ്ഥലം എത്രയുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) തിരുവാഭരണം കൊണ്ടുപോകുന്ന പാതയിൽ 495 കയ്യേറ്റം റവന്യൂ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ റാന്നി വില്ലേജിൽ ഒരേക്കർ എട്ട് സെന്റും അതിനോട് ചേർന്ന് 76 സെന്റും ദേവസ്വം ബോർഡിന്റേതാണ്. ഇതിൽ ഒരേക്കർ എട്ട് സെന്റ് ഭൂമി ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. 76 സെന്റ് ഭൂമികൂടി ഏറ്റെടുക്കാനുണ്ട്.

(ഡി) 76 സെന്റ് സ്ഥലം തിരിച്ചുപിടിക്കുന്നതിന് ലാന്റ് കൺസർവൻസി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള തസ്തികകൾ

137 (3571) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വാച്ചർ, കഴകം, തളി തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് ദേവസ്വം ബോർഡിൽ നിന്നും സ്ഥിര നിയമനം അവസാനമായി നടത്തിയത് എന്നാണ് ;

(സി) പ്രസ്തുത തസ്തികകളിലെ നിലവിലെ ഒഴിവുകളിൽ നിയമനത്തിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ ; നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വാച്ചർ തസ്തികയിൽ നിലവിൽ 94 ഒഴിവുകളും കഴകം തസ്തികയിൽ ഫുൾടൈം 47, പാർട്ട് ടൈം 107-ഉം തളി തസ്തികയിൽ ഫുൾടൈം 46, പാർട്ട് ടൈം 143 ഒഴിവുകളും ഉണ്ട്.

(ബി) വാച്ചർ തസ്തികയിൽ 4-8-2012-നും കഴകം തസ്തികയിൽ 28-9-2012-നും തളി തസ്തികയിൽ 29-9-2013-നും ആണ് അവസാന നിയമനം നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി 9-7-2012-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട ഡബ്ല്യു.പി. (സി) 16605/2013 നമ്പർ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 9-6-2015-ലെ വിധിന്യായ പ്രകാരം നിയമനം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly